**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2680** **17-03-2022 - ൽ മറുപടിയ്ക്ക്**

**ദ്യുതി പ്രോജക്ടിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 35-40 വർഷം പഴക്കമുള്ള ജനറേഷൻ യൂണിറ്റുകളുടെ നവീകരണവും ആധുനികവൽകരണവും വിപുലീകരണ പ്രവർത്തനങ്ങളും നടത്തുന്നതിന്റെ ഭാഗമായി ഏതെല്ലാം ജനറേഷൻ യൂണിറ്റുകളുടെ പുനരുദ്ധാരണവും നവീകരണ പരിപാടികളും 2021-22 കാലയളവിൽ നടത്തിയിട്ടുണ്ടെന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകാമോ; | (എ) | 2021-22 കാലയളവിൽ കുറ്റ്യാടി (3X25 MW to 3X27.5 MW) RMU (Renovation, Modernisation & Uprating) പദ്ധതിയുടെ ഡ്രായിങ്ങ്/ഡിസൈൻ അപ്പ്രൂവൽ പുരോഗമിക്കുകയാണ്. 26.12.2019 ലാണ് പദ്ധതി തുടങ്ങിയത് 2023 സെപ്റ്റംബർ മാസം പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. പദ്ധതിയുടെ പവർഹൗസിലെ ജോലികൾ ഏപ്രിൽ 2022 ൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | കെ.എസ്.ഇ.ബി.എല്ലിന്റെ വിതരണ ഗ്രിഡ് നവീകരിക്കുന്നതിനായി ആരംഭിച്ച ദ്യുതി പ്രോജക്ടിന്റെ നിലവിലെ പ്രവർത്തനം വിശദമാക്കാമോ? | (ബി) | കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ദ്യുതി. ദ്യുതി പദ്ധതിയിൽ 4036.30 കോടി രൂപയുടെ പദ്ധതി രേഖയാണ് തയ്യാറാക്കിയിരുന്നത്. ആഗോള നിലവാരത്തിൽ തടസ്സരഹിതമായി, ഗുണമേന്മയേറിയ വൈദ്യുതി അപകടരഹിതമായി ഉപഭോക്താക്കൾക്ക് എത്തിച്ച് വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനു നടപ്പിലാക്കുന്ന “ദ്യുതി “ പദ്ധതിയിൽ ഉൾപ്പെടുത്തി എൽ.റ്റി ലൈൻ/എച്ച്.ടി ലൈൻ/ഭൂഗർഭ കേബിൾ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ ശേഷി വർദ്ധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിത ശേഷി കൂട്ടുന്ന പ്രവൃത്തികൾ, എൽ.റ്റി ലൈനും എച്ച്.ടി ലൈനും റീ കണ്ടക്ടറിങ്ങ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റ് പ്രതിഷ്ഠാപനങ്ങളുടെയും standardization പ്രവൃത്തികൾ, വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ, 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങൾ, കോവിഡ്-19 ന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗൺ, എന്നിവ കാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായില്ലെങ്കിലും ഈ പദ്ധതിയിൽ ഇതുവരെ 2061.17 കോടി രൂപയുടെ പ്രവൃത്തികൾ (UG cable, ABC എന്നിവ ഉൾപ്പെടെയുള്ള ലൈൻ നിർമ്മാണം/ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ വികസന പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയവയ്ക്കായി) പൂർത്തീകരി ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഇതുവരെ 654.70 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീ കരിച്ചിട്ടുണ്ട്. തുടർവൈദ്യുതികരണത്തിനായി 72 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ